നം. സി 2/22639/17 തിയതി: 22 / 12 /2017

## സർക്കുലർ നം. 33 / 2017

വിഷയം: - ക്ഷീര വികസന വകുപ്പ് - ഓഖി ദുരിതാശ്വാസ നിധി സമാഹരണം - ക്ഷീര സഹകരണ സംഘങ്ങളുടെയും, മിൽമാ അധികൃതരുടെയും സംയുക്ത യോഗം ചേരുന്നത് - സംബന്ധിച്ച്

കേരളാ മനസ്സാക്ഷിയെ ഞെട്ടിച്ച ഓഖി ദുരന്തം നിരവധി മത്സ്യത്തൊഴിലാളികളുടെ മരണത്തിലും അവരുടെ ഭവനങ്ങൾക്കും ജീവനോപാധികൾക്കും കനത്ത നാശനഷ്ടങ്ങൾ വരുത്തുന്നതിന് കാരണമായിട്ടുണ്ട്. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ഉദാരമതികൾ ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് ദുരിതം അനുഭവിക്കുന്നവർക്ക് സഹായം എത്തിക്കുന്നതിനുള്ള പരിശ്രമത്തിലാണ്. ഈ ഉദ്യമത്തിൽ ക്ഷീര സഹകരണ സംഘങ്ങളുടെ പങ്ക് കൂടി ഉറപ്പാക്കുന്നത് ഉചിതമായിരിക്കും എന്ന് ക്ഷീര വികസന വകുപ്പ് കരുതുന്നു. ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന സ്വരൂപിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് വേണ്ടി ഈ മാസം 28/ 29 തിയതികളിൽ താങ്കളുടെ ജില്ലയിലെ എല്ലാ ക്ഷീര സഹകരണ സംഘം പ്രസിഡന്റുമാരുടേയും, സെക്രട്ടറിമാരുടേയും, ഡയറി എക്സ്റ്റൻഷൻ ഓഫീസർമാരുടേയും, ഡയറി ഫാം ഇൻസ്ട്രക്ടർമാരുടേയും, മേഖലാ യൂണിയൻ ഭരണസമിതി അംഗങ്ങളുടേയും, ഡയറി മാനേജരുടെയും, പി & ഐ ഉദ്യോഗസ്ഥരുടേയും, സംയുക്ത യോഗം വിളിച്ചു കൂട്ടി ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന സ്വരൂപിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഓരോ സംഘങ്ങളും പ്രതിദിനം സംഭരിക്കുന്ന പാലിന്റെ ക്രമത്തിൽ ഒരു രൂപയിൽ കുറയാത്ത തുക മിൽമയുടെ സഹകരണത്തോടെ പാൽ വിലയിൽ നിന്നും ഈടാക്കത്തക്ക രീതിയിലും, പാൽ മിൽമയ്ക്ക് നൽകാത്ത ക്ഷീര സഹകരണ സംഘങ്ങളിൽ നിന്ന് നേരിട്ടും സ്വരൂപിക്കുന്ന രീതി ഡപ്യൂട്ടി ഡയറക്ടർമാർ സ്വീകരിക്കുന്നത് ഉചിതമായിരിക്കും. യോഗ ദിവസം തന്നെ തുക സംബന്ധിച്ച അനുമതി പത്രം മിൽമയ്ക്ക് നൽകുന്നതിന് കൂടി നടപടി സ്വീകരിച്ചാൽ മാത്രമേ സമയബന്ധിതമായി ധനസമാഹരണം പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. 2018 ജനുവരി മാസം 8 മുതൽ 12 വരെയുള്ള തിയതികളിൽ ഒരു ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തുക കൈമാറത്തക്ക രീതിയിൽ ധനസമാഹരണം 2018 ജനുവരി 5 -ാം തിയതിയ്ക്കകം തന്നെ പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അനുവദിക്കുന്ന സമയത്ത് മിൽമാ ചെയർമാൻ, കേരളാ ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ചെയർമാൻ, മേഖലാ യൂണിയൻ ചെയർമാൻമാർ, പതിന്നാല് ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഓരോ ക്ഷീര സംഘം പ്രസിഡന്റുമാർ, ക്ഷീര വികസന വകുപ്പിന്റെയും, മിൽമയുടേയും ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്ത് തുക

കൈമാറ്റുന്നതിന് ഉദ്ദേശിക്കുന്നു. എല്ലാ ക്ഷീര സഹകരണ സംഘം പ്രതിനിധികളും ജില്ലയിലെ യോഗത്തിൽ പങ്കെടുക്കുന്നു എന്ന് ഉറപ്പാക്കേണ്ടതും യോഗത്തിൽ വച്ച് തന്നെ സംഘം പ്രസിഡന്റുമാരുടെ പ്രതിനിധിയെ തെരഞ്ഞെടുക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് വിശദാംശങ്ങൾക്കായി ഡപ്യൂട്ടി ഡയറക്ടർ (ജനറൽ) (മൊബൈൽ – 9447867975) – നെ ബന്ധപ്പെടാവുന്നതാണ്.

ഡയറക്ടർ

എല്ലാ ഡപ്യൂട്ടി ഡയറക്ടർമാർക്കും
(തുടർ നടപടികൾക്കായി)

പകർപ്പ്: 1. ചെയർമാൻ, കേരളാ സഹകരണ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
2. ചെയർമാൻ, കേരളാ ക്ഷീരകർഷക ക്ഷേമനിധി ബോർഡ്
3. ചെയർമാൻ, തിരുവനന്തപുരം മേഖലാ ക്ഷീരോൽപാദക യൂണിയൻ
4. ചെയർമാൻ, എറണാകുളം മേഖലാ ക്ഷീരോൽപാദക യൂണിയൻ
5.ചെയർമാൻ, മലബാർ മേഖലാ ക്ഷീരോൽപാദക യൂണിയൻ
6. മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരം മേഖലാ ക്ഷീരോൽപാദക യൂണിയൻ
7. മാനേജിംഗ് ഡയറക്ടർ, എറണാകുളം മേഖലാ ക്ഷീരോൽപാദക യൂണിയൻ
8. മാനേജിംഗ് ഡയറക്ടർ, മലബാർ മേഖലാ ക്ഷീരോൽപാദക യൂണിയൻ